മെട്രോ വാർത്ത
05 July 2017

# സിഎംഎഫ്ആർഐയിൽ ദേശീയ ശിൽപശാലയ്ക്കു തുടക്കം

കൊച്ചി: മത്സ്യമേഖലയിൽ നിലവിൽ നൽകിവരുന്ന സബ്സിഡികൾ ഫലപ്രദമാണോയെന്നത് പഠന വിധേയമാക്കണമെന്ന് നീതി ആയോഗ് ഉപദേശകൻ ഡോ. അശോക് ജെയിൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ആരംഭിച്ച ദേശീയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കടൽ സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് സബ്സിഡികളെ കുറിച്ച് പഠനം നടത്തേണ്ടത് ആവശ്യമാണ്.

സബ്സിഡികൾ നൽകുന്നത് അനധികൃത മത്സ്യബന്ധന രീതികൾ വർധിക്കാൻ കാരണമായിട്ടുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെയെങ്കിൽ അവ നിർത്തലാക്കണം.

മത്സ്യമേഖലയ്ക്ക് ഗുണകരമാണെങ്കിൽ അവ നിലനിർത്തുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയതലത്തിൽ കർമ പദ്ധതി രൂപപ്പെടുത്തുന്നതിന് വേണ്ടി സംഘടിപ്പിച്ച ദ്വിദിന ശിൽപശാലയിൽ കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്ര വികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരാണു പങ്കെടുക്കുന്നത്.

സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്- ഇന്ത്യ പ്രോഗ്രാം ഡയറക്റ്റർ സേജൽ വോറ, സിഫ്റ്റ് ഡയറക്റ്റർ ഡോ.സി എൻ രവിശങ്കർ, ഡോ. പ്രവീൺ പുത്ര എന്നിവർ പങ്കെടുത്തു.

നീതി ആയോഗ്, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് എന്നിവയുമായി സഹകരിച്ചാണ് സിഎംഎഫ്ആർഐ ശിൽപ്പശാല നടത്തുന്നത്. ഇന്ന് സമാപിക്കും.